# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം.

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 46

06.02.2013 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിൽ ആധുനിക ബാങ്കിംഗ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ ആധുനിക ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ നിലവിൽ സംസ്ഥാന സഹകരണ ബാങ്കും, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളും കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലാ സഹകരണ ബാങ്കുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ആയത്പ്രകാരം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി CBS(കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ നബാർഡുമായി MoU ഒപ്പു വച്ചിട്ടുണ്ട്. കൂടാതെ പത്തനംതിട്ട, പാലക്കാട്, കണ്ണൂർ എന്നീ ജില്ലാ സഹകരണ ബാങ്കുകൾ സ്വന്തം നിലയിൽ കോർ ബാങ്കിംഗ് നടപ്പിലാക്കി വരികയാണ്. അർബൻ ബാങ്കുകളിൽ കോർ ബാങ്കിംഗ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ |

| | |
|---|---|
| | സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ യോഗ്യതയുള്ള പ്രാഥമിക സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) പ്രധാനമായും നെറ്റ് ബാങ്കിംഗ്, എ.ടി.എം., ആർ.ടി.ജി.എസ്., എൻ.ഇ.എഫ്.റ്റി., മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന കോർ ബാങ്കിംഗ് സിസ്റ്റമാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നത്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) സഹകരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം, ആധുനിക ബാങ്കിംഗ് സൗകര്യം എന്നിവ നടപ്പിലാക്കുന്നത് സംബന്ധിച്ച് 10.08.2012 ൽ 524/2010/സഹ നമ്പരായും 03.08.2010 ൽ 508/2010/സഹ നമ്പരായും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളിൽ പൂർണ്ണതോതിൽ ആധുനിക ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണ്. മാത്രമല്ല 2012-13 വർഷത്തെ പദ്ധതി വിഹിതത്തിൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ എന്നിവയുടെ കമ്പ്യൂട്ടർവത്കരണം, കോർ ബാങ്കിംഗ്, എ.ടി.എം. സംവിധാനം, സാങ്കേതിക നവീകരണം, ആധുനിക സാങ്കേതിക ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി 300 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ